# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| നവംബർ 15<br>November 15 | 2018 |
|---|---|

*1193 തുലാം 28 ബുധൻ*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ജില്ലയിൽ ജാഗ്രതാ നിർദേശം**

ജില്ലയിൽ പല സ്ഥലങ്ങളിലും ഇന്നും (15) നാളെയും (16) ഒറ്റപ്പെട്ട കനത്ത മഴയ്ക്ക് സാധ്യതയുള്ളതിനാൽ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം മഞ്ഞ അലർട്ട് പ്രഖ്യാപിച്ചു.

ഇതുമായി ബന്ധപ്പെട്ട് അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിന് എല്ലാ താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൺ റൂമുകൾ തുറന്നു. അടിയന്തര സാഹചര്യങ്ങളിൽ പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും കളക്ടറേറ്റിലും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകളുമായി ബന്ധപ്പെടാം.

കൺട്രോൾ റൂം നമ്പരുകൾ: കളക്ടറേറ്റ്- 0468 2322515, 2222515, താലൂക്ക് ഓഫീസ് കോഴഞ്ചേരി- 0468 2222221, അടൂർ- 04734 224826, കോന്നി- 0468 2240087, റാന്നി- 04735 227442, മല്ലപ്പള്ളി- 0469 2682293, തിരുവല്ല- 0469 2601303.

പോലീസ്, ഫയർ ആൻഡ് റസ്ക്യു, പൊതുമരാമത്ത് വകുപ്പ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫിസർ, ജില്ലാ സപ്ലൈ ഓഫിസർ തുടങ്ങിയ വകുപ്പ് മേലധ്യക്ഷന്മാർക്ക് മഴക്കെടുതിയുമായി ബന്ധപ്പെട്ട അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിന് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കാൻ ജില്ലാ കളക്ടർ നിർദേശം നൽകി.

(പിഎൻപി 3725/18)




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

നവംബർ 15

November 15

2018

*1193 തുലാം 29 വ്യാഴം*

# പത്രക്കുറിപ്പ് -2



www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657


**ലൈഫ് സർട്ടിഫിക്കററ് ഹാജരാക്കണം**

സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ക്ഷേമപദ്ധതി (കേരളാ കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതി)യിൽനിന്നും അവശതാ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവർ, കേരളാ അലക്ക് തൊഴിലാളി ക്ഷേമപദ്ധതി, കേരളാ ബാർബർ ആൻഡ് ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമപദ്ധതി എന്നിവയിൽ നിന്നും റിട്ടയർമെന്റ് പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവർ ഈ മാസം 30 നകം ലൈഫ് സർട്ടിഫിക്കറ്റും ആധാർ കാർഡ്, പെൻഷൻ കാർഡ് ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പും ഫോൺ നമ്പരും പദ്ധതിയുടെ ജില്ലാ ആഫീസിൽ ഹാജരാക്കണം. അവശതാ പെൻഷൻ കൈപ്പറ്റുന്നവർ പദ്ധതിയുടെ തിരുവനന്തപുരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസിൽ ഈ വർഷത്തേക്കുള്ള ലൈഫ് സർട്ടിഫിക്കറ്റ് അയച്ചു കൊടുത്തിട്ടുണ്ടെങ്കിൽ അവർ ലഭ്യമാക്കേണ്ടതില്ല. ഫോൺ: 0468 2220248. (പിഎൻപി 3726/18)

**സ്പെഷ്യലിസ്റ്റ് അധ്യാപകരെ നിയമിക്കുന്നു**

സമഗ്രശിക്ഷ പത്തനംതിട്ടയുടെ കീഴിൽ നിലവിലുള്ള ഒഴിവുകളിലേക്ക് സ്പെഷ്യലിസ്റ്റ് അധ്യാപകരെ നിയമിക്കുന്നു. ആരോഗ്യ-കായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം (ചിത്രരചന) എന്നിവയിൽ വൈദഗ്ധ്യമുള്ള നിശ്ചിത യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. പ്രതിമാസം 14000 രൂപ വേതനം ലഭിക്കും. ആരോഗ്യ-കായിക വിദ്യാഭ്യാസത്തിന് നാലും കലാവിദ്യാഭ്യാസത്തിന് രണ്ടും ഒഴിവുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ 2019 മാർച്ച് 31

വരെയാണ് നിയമനം. താല്പര്യമുള്ളവര്‍ ഈ മാസം 22ന് രാവിലെ 10 ന് സമഗ്രശിക്ഷയുടെ തിരുവല്ലയിലെ ജില്ലാ ഓഫീസില്‍ എസ്.എസ്.എല്‍.സി ബുക്ക്, യോഗ്യതാ സര്‍ട്ടിഫിക്കറ്റുകള്‍, പ്രവൃത്തിപരിചയ സര്‍ട്ടിഫിക്കറ്റുകള്‍ എന്നിവ സഹിതം അഭിമുഖത്തിന് നേരിട്ട് ഹാജരാകണം. യോഗ്യത സംബന്ധിച്ച കൂടുതല്‍ വിവരം എസ്.എസ്.എ ബ്ലോക്ക് റിസോഴ്സ് സെന്‍ററുകളില്‍ ലഭിക്കും. ഫോണ്‍: 04692600167, 9846995559.

(പിഎന്‍പി 3727/18)

## ദുബായിലേക്ക് ആവശ്യമുണ്ട്

ദുബായിലെ പ്രമുഖ റസ്റ്റോറന്‍റിലേക്ക് വെയിറ്റര്‍മാരുടെ (സ്ത്രീ/പുരുഷന്‍) നിയമനത്തിനായി ഒഡെപെക് അപേക്ഷ ക്ഷണിച്ചു. താത്പര്യമുള്ളവര്‍ ബയോഡേറ്റ, സര്‍ട്ടിഫിക്കറ്റ്, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ പകര്‍പ്പുകള്‍ സഹിതം www.odepc.kerala.gov.in എന്ന വെബ്സൈറ്റില്‍ കൊടുത്തിരിക്കുന്ന നോട്ടിഫിക്കേഷന്‍ പ്രകാരം ഈ മാസം 19ന് മുമ്പ് അപേക്ഷിക്കണം. ഫോണ്‍: 0471 2329440, 2329441, 2329442, 2329443, 2329445. (പിഎന്‍പി 3728/18)

## കുടുംബശ്രീ ജേര്‍ണലിസ്റ്റ് തെരഞ്ഞെടുപ്പ്

കുടുംബശ്രീ ജില്ലാമിഷന് കീഴില്‍ 2019 ജനുവരി ഒന്ന് മുതല്‍ ജൂണ്‍ 30 ജേര്‍ണലിസ്റ്റായി പ്രവര്‍ത്തിക്കുവാന്‍ താത്പര്യമുള്ളവരില്‍ നിന്നും അപേക്ഷ ക്ഷണിച്ചു. സംസ്ഥാന സര്‍ക്കാര്‍, പ്രസ് ക്ലബ്ബ്, അംഗീകൃത യൂണിവേഴ്സിറ്റി എന്നിവയുടെ കീഴിലുള്ള ഇന്‍സ്റ്റിറ്റ്യൂട്ടുകളില്‍ നിന്നും 2017-18ല്‍ ജേര്‍ണലിസം ബിരുദം/ബിരുദാനന്തര ബിരുദവും ഇംഗ്ലീഷ് ഭാഷയില്‍ പ്രാവിണ്യവുമുള്ളവര്‍ക്ക് അപേക്ഷിക്കാം. പ്രവര്‍ത്തി പരിചയം നിര്‍ബന്ധമല്ല. പ്രായം 20 നും 30നും മധ്യേ. വിശദമായ ബയോഡേറ്റയും സര്‍ട്ടിഫിക്കറ്റിന്‍റെ പകര്‍പ്പുകളും ജില്ലാമിഷന്‍ ഓഫീസില്‍ നേരിട്ടോ, ജില്ലാമിഷന്‍ കോ-ഓര്‍ഡിനേറ്റര്‍, കുടുംബശ്രീ ജില്ലാമിഷന്‍, കളക്ടറേറ്റ്, പത്തനംതിട്ട എന്ന വിലാസത്തിലോ ഡിസംബര്‍ 10നകം ലഭ്യമാക്കണം. അപേക്ഷാഫോറത്തിന്‍റെ മാതൃക www.kudumbashree.com എന്ന വെബ്സൈറ്റില്‍ careers എന്ന വിഭാഗത്തില്‍ ലഭ്യമാണ്. ജില്ലാതലത്തിലുള്ള പരീക്ഷയുടേയും അഭിമുഖത്തിന്‍റേയും അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ്. തെരഞ്ഞെടുക്കപ്പെടുന്നവര്‍ക്ക് 10,000 രൂപ സ്റ്റൈപ്പന്‍റ് ലഭിക്കും. ഫോണ്‍: 04682221807.

(പിഎന്‍പി 3729/18)

## നിലയ്ക്കല്‍ - പമ്പ ചെയിന്‍ സര്‍വീസ് ഇന്ന് (16) ഉദ്ഘാടനം ചെയ്യും

ശബരിമല മണ്ഡല-മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് കെഎസ്ആര്‍ടിസി നടപ്പാക്കുന്ന പരിസ്ഥിതി സൗഹൃദ ഇലക്ട്രിക് ബസുകള്‍ ഉള്‍പ്പെടെയുള്ള നിലയ്ക്കല്‍-പമ്പ ചെയിന്‍സര്‍വീസിന്‍റെ ഉദ്ഘാടനം ഇന്ന് (16) ഉച്ചയ്ക്ക് 12ന് നിലയ്ക്കല്‍ ബസ് സ്റ്റേഷനില്‍ തിരുവിതാംകൂര്‍ ദേവസ്വം ബോര്‍ഡ് പ്രസിഡന്‍റ് എ.പത്മകുമാര്‍ നിര്‍വഹിക്കും. രാജു എബ്രഹാം എംഎല്‍എ അധ്യക്ഷത വഹിക്കുന്ന ചടങ്ങില്‍ റാന്നി പെരിനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്‍റ് ബീന സജി, ദേവസ്വം ബോര്‍ഡ് അംഗം കെ.പി.ശങ്കര്‍ദാസ്, പമ്പ കെഎസ് ആര്‍ടിസി സ്പെഷ്യല്‍ ഓഫീസര്‍ ഡി.ഷിബുകുമാര്‍, ഡിടിഒ റോയി ജേക്കബ് തുടങ്ങിയവര്‍ പങ്കെടുക്കും. (പിഎന്‍പി 3730/18)

## സെല്‍ഫ് ടിക്കറ്റിംഗ് കിയോസ്ക് ഉദ്ഘാടനം ഇന്ന് (16)

കെഎസ്ആര്‍ടിസി പമ്പയിലും നിലയ്ക്കലും സജ്ജമാക്കിയ സെല്‍ഫ് ടിക്കറ്റിംഗ് കിയോസ്കുകള്‍ ഇന്ന് (16) വൈകിട്ട് നാലിന് നിലയ്ക്കല്‍ ബസ് സ്റ്റേഷനില്‍ ഗതാഗതമന്ത്രി എ.കെ.ശശീന്ദ്രന്‍ ഉദ്ഘാടനം ചെയ്യും. രാജു എബ്രഹാം എംഎല്‍എ അധ്യക്ഷത വഹി

ക്കുന്ന ചടങ്ങിൽ റാന്നി പെരിനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബീന സജി, പമ്പ കെഎസ്ആർടിസി സ്പെഷ്യൽ ഓഫീസർ ഡി.ഷിബുകുമാർ, ഡിടിഒ റോയി ജേക്കബ് തുടങ്ങിയവർ പങ്കെടുക്കും. 15 സെൽഫ് ടിക്കറ്റിംഗ് കിയോസ്കുകളാണ് പമ്പയിലും നിലയ്ക്കലുമായി സജ്ജമാക്കിയിട്ടുള്ളത്. നിലയ്ക്കൽ-പമ്പ ചെയിൻ സർവീസിന് ആവശ്യമായ ടിക്കറ്റുകൾ തീർഥാടകർക്ക് എല്ലാത്തരം ക്രെഡിറ്റ്/ഡെബിറ്റ് കാർഡുകളും ഉപയോഗിച്ച് സ്വമേധയാ എടുക്കാമെന്നതാണ് ഇതിന്റെ സവിശേഷത. (പിഎൻപി 3731/18)

## ശരണബാല്യം പദ്ധതി കൂടുതൽ കാര്യക്ഷമമാക്കും

മണ്ഡല മകരവിളക്ക് സീസൺ കണക്കിലെടുത്ത് ശരണബാല്യം പദ്ധതി ജില്ലയിൽ കൂടുതൽ കാര്യക്ഷമമാക്കാനൊരുങ്ങി ജില്ലാ ശിശുസംരക്ഷണ വകുപ്പ്. ബാലവേലയും ചൂഷണവും തടയുന്നതിനായി ജില്ലയിൽ ആരംഭിച്ച ഓപ്പറേഷൻ ശരണബാല്യം പദ്ധതി മറ്റ് ജില്ലകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുകയാണ് ശിശുസംരക്ഷണവകുപ്പ്. 2016 നവംബറിൽ ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന്റെ നേതൃത്വത്തിൽ പത്തനംതിട്ട മുൻ കളക്ടർ ആർ.ഗിരിജ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് ശരണബാല്യം. കഴിഞ്ഞ വർഷം കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ കൂടി പദ്ധതി വ്യാപിപ്പിച്ചിരുന്നു. ബാലവേല, ബാലഭിക്ഷാടനം, കുട്ടികടത്ത് എന്നിവ തടയുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് ശരണബാല്യം. ഒരു ജില്ലയിൽ ആറ് റെസ്ക്യു ഓഫീസർമാർ വീതമുണ്ടാകും. ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ നേതൃത്വത്തിൽ പോലീസ്, വനംവകുപ്പ്, തൊഴിൽ വകുപ്പ്, ഡിഎംഒ, വിദ്യാഭ്യാസ ഉപഡയറക്ടർ, ചൈൽഡ് ലൈൻ, ഐസിഡിഎസ് പ്രോഗ്രാം പ്രതിനിധികൾ ഉൾപ്പെടുന്നതാണ് സംഘം. റെയിൽവേ സ്റ്റേഷനുകൾ, ലേബർ ക്യാമ്പുകൾ, ബസ് സ്റ്റാൻഡുകൾ, വിവിധ തീർത്ഥാടന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ സംഘം നിരീക്ഷിക്കും. ബാലനീതി, ബാലവേല നിരോധന നിയമം എന്നിവ അനുസരിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്തെന്ന് ഉറപ്പുവരുത്തും. കുട്ടികൾക്കൊപ്പമുള്ള രക്ഷിതാക്കളെകുറിച്ച് സംശയം ഉണ്ടെങ്കിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുഖേന ഡിഎൻഎ ടെസ്റ്റിനും നിർദ്ദേശം നൽകും. നാല് ജില്ലകളിൽ നിന്നായി കഴിഞ്ഞ വർഷം വരെ 65 കുട്ടികളെ പദ്ധതിയിലൂടെ വീണ്ടെടുക്കാനായി. ഇതിൽ 37 പേർ ഇതരസംസ്ഥാനക്കാരാണ്.

(പിഎൻപി 3732/18)

## സേഫ്സോൺ പദ്ധതി ഉദ്ഘാടനം ഇന്ന്

ശബരിമല മണ്ഡലവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് പമ്പയിലും അനുബന്ധ പ്രദേശങ്ങളിലും അയ്യപ്പ ഭക്തമാരുടെ സുരക്ഷിതയാത്ര ലക്ഷ്യം വച്ച് കേരള മോട്ടോർ വാഹനവകുപ്പും കേരള റോഡ് സുരക്ഷ അതോറിറ്റിയും ചേർന്ന് നടപ്പിലാക്കുന്ന സേഫ് സോൺ 2018-19 പദ്ധതിയുടെ ഉദ്ഘാടനം ഇന്ന് (16) ഉച്ചയ്ക്ക് മൂന്നിന് ഇലവുങ്കലിലുള്ള സേഫ്സോൺ കൺട്രോളിംഗ് ഓഫീസിൽ ഗതാഗതവകുപ്പ് മന്ത്രി എ.കെ ശശീന്ദ്രൻ നിർവഹിക്കും. റാന്നി എംഎൽഎ രാജു എബ്രഹാം അധ്യക്ഷത വഹിക്കും. ആന്റോ ആന്റണി എംപി, എംഎൽഎമാരായ വീണാ ജോർജ്, പി.സി ജോർജ്, ജില്ലാ കളക്ടർ പി.ബി. നൂഹ്, ജില്ലാ പോലീസ് മേധാവി ടി.നാരായണൻ, തദ്ദേക സ്വയംഭരണ അംഗങ്ങൾ, മോട്ടോർ വാഹന വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും. ഈ വർഷം നടപ്പിലാക്കുന്ന സേഫ്സോൺ പദ്ധതി പ്രകാരം ഇന്ന് മുതൽ 2019 ജനുവരി 20 വരെ കാലയളവിൽ സേഫ്സോൺ മേഖലയായ ശബരിമല പാതകളിൽ 24 മണിക്കൂറും പട്രോളിംഗ് നടത്തി അപകടരഹിതമായ ഒരു തീർത്ഥാടന കാലം ഉറപ്പുവരുത്തുക എന്നതാണ് ലക്ഷ്യം. ഇതിലേക്കായി പത്തനംതിട്ട-പമ്പ, പമ്പ- എരുമേലി, കൊരട്ടി- 26-ാം മൈൽ, എരുമേലി- പുലിക്കുന്ന് മുണ്ടക്കയം, എരുമേലി-വിഴിക്കിതോട്, കോട്ടയം-കുമളി, സത്രം-വണ്ടിപെരിയാർ, കട്ടപ്പന- കമ്പമേട്ട്, കട്ടപ്പന- കുട്ടിക്കാനം, കട്ടപ്പന- കുമളി

എന്നിവിടങ്ങളിലായി 15 പട്രോളിംഗ് ടീമുകളെ വിന്യസിക്കും. ഇലവുങ്കലിൽ മെയിൻ കൺട്രോളിംഗ് ഓഫീസും എരുമേലി, കുട്ടിക്കാനം എന്നിവിടങ്ങളിൽ സബ് കൺട്രോളിംഗ് ഓഫീസുകളും 4 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. 400 കിലോമീറ്ററോളം വരുന്ന സേഫ് സോൺ പാതകളിൽ ഹെൽപ്പ്ലൈൻ നമ്പറോട് കൂടിയ 350 ഓളം ദിശാസൂചക ബോർഡുകളും ട്രാഫിക് മുന്നറിയിപ്പ് ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്. ബ്രേക്ക് ഡൗൺ അസിസ്റ്റൻസ്, റിക്കവറി വാഹനങ്ങളുടെ സേവനം, ആംബുലൻസ് സർവീസ് എന്നിവ 24 മണിക്കൂറും ലഭ്യമാണ്. കൂടാതെ പ്രമുഖ വാഹന നിർമാതാക്കളായ ലൈലാന്റ്, റ്റാറ്റാ, മാരുതി, ഫോഴ്സ്, ഫോർഡ്, ടൊയോട്ട, മഹീന്ദ്ര തുടങ്ങിയ 25 ഓളം മോട്ടോർ വാഹന കമ്പനികളുടെ ഇരുന്നൂറോളം മെക്കാനിക്കുകളെ മതിയായ ബ്രേക്ക് ഡൗൺ വാഹനങ്ങളോടു കൂടി സേവനത്തിനായി ക്രമീകരിച്ചിട്ടുണ്ട്. ഓഫീസിനോടനുബന്ധിച്ച് ക്രമീകരിച്ചിട്ടുള്ള രണ്ട് ആംബുലൻസുകൾ ഉപയോഗിച്ച് അപകട സമയങ്ങളിൽ ഉടൻ തന്നെ രക്ഷാപ്രവർത്തനം നടത്തി അപകടങ്ങളിൽപെടുന്നവരെ രക്ഷിക്കുവാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. പട്രോളിംഗ് വാഹനങ്ങളിൽ ജിപിഎസ് സംവിധാനം ഘടിപ്പിച്ച് പട്രോളിംഗ് സംവിധാനം കാര്യക്ഷമമാക്കിയിട്ടുണ്ട്. അടിയന്തര ഘട്ടങ്ങളിൽ സേവനങ്ങൾക്കായി ബന്ധപ്പെടേണ്ട ഹെൽപ്പ്ലൈൻ നമ്പറുകൾ ഇലവുങ്കൽ 9400044991, 9562318181, എരുമേലി-9496367974, കുട്ടിക്കാനം-9446037100.

(പിഎൻപി 3733/18)

## മണ്ണടി ഗ്രാമീണ ചന്ത പുനരാരംഭിച്ചു

മണ്ണടി, താഴത്തുകുളക്കട, മാവടി, കുളക്കട പ്രദേശവാസികളുടെ നൂറ്റാണ്ടു പഴക്കമുള്ള കാർഷികോത്പന്ന വിപണന കേന്ദ്രമായിരുന്ന മണ്ണടിതാഴത്തെ ഗ്രാമീണ ചന്തയുടെ പുനരാരംഭം ചിറ്റയംഗോപകുമാർ എംഎൽഎ നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.ആർ. അജീഷ്കുമാർ അദ്ധ്യക്ഷത വഹിച്ചു. പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീന പ്രഭ ആദ്യവിൽപന നടത്തി. വൈസ് പ്രസിഡന്റ്. എസ് രാധാകൃഷ്ണൻ മുതിർന്ന കർഷകരെ ആദരിച്ചു. ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരംസമിതി അധ്യക്ഷ ആർ.ഷീല, ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.സരസ്വതിയമ്മ, സ്ഥിരംസമിതി അധ്യക്ഷ കെ.അനിൽകുമാർ, ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ എസ്.അനൂപ്, രാജലക്ഷ്മി, ഉഷാ വിജയൻ, ഗ്രാമ പഞ്ചായത്ത് ആസൂത്രണ സമിതി ഉപാധ്യക്ഷൻ ആർ സുരേഷ്കുമാർ, ഗ്രാമ പഞ്ചായത്ത് മുൻ പ്രസിഡന്റുമാരായ കെ.വിശ്വംഭരൻ, എൽ.ഉഷാകുമാരി കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ അജു ബിജു, പറക്കോട് ബി.ഡി.ഒ ജി.ശ്രീലക്ഷ്മി, റ്റി.കെ. അജിതകുമാരി, ജി.രാധാകൃഷിണൻ നായർ, ആർ.വാസുദേവൻ പിള്ള, പി. ഉദയഭാനു, എസ്. ഷിബു, ടി.എൻ.സുനിൽ, മണ്ണടി മോഹൻ,ആർ സുരേന്ദ്രൻ നായർ,സലീം ബാവ, എൻ.രാജഗോപാലൻ പിള്ള, കെ.സുരേന്ദ്രൻ, കെ.ജി.ജോൺ, വാസുദേവൻ, പി.ലീന, ആർ ബലഭദ്രൻ പിള്ള എന്നിവർ സംസാരിച്ചു. (പിഎൻപി 3734/18)

## ഉപഭോക്തൃ തർക്കപരിഹാര ഫോറം അംഗത്തിന്റെ ഒഴിവ്

കോട്ടയം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ ഒഴിവു വരുന്ന മുഴുവൻ സമയ അംഗത്തിന്റെ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. അംഗീകൃത യൂണിവേഴ്സിറ്റി ബിരുദവും 35 വയസോ അതിനു മുകളിലോ പ്രായമുള്ളവരും ധനതത്വം, നിയമം, കൊമേഴ്സ്, അക്കൗണ്ടൻസി, വ്യവസായം, പൊതുകാര്യങ്ങൾ, ഭരണ നിർവഹണം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ 10 വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം ഉള്ളവരും കഴിവും ആർജവവും ഉള്ളവരുമായിരിക്കണം അപേക്ഷകർ. അഞ്ച് വർഷം വരെയോ 65 വയസ് വരെയോ (ഏതാണോ ആദ്യം അതുവരെ) ആണ് നിയമന കാലാവധി. അപേക്ഷാ ഫോറത്തിന്റെ മാതൃക എല്ലാ ജില്ലാ കളക്ടറേറ്റുകളിലും ജില്ലാ സപ്ലൈ ഓഫീസുകളിലും

ജില്ലാ ഉപഭോക്തൃതർക്കപരിഹാര ഫോറങ്ങളിലും www.consumeraffairs.kerala.gov.in എന്ന വെബ്സൈറ്റിലും ലഭിക്കും. അപേക്ഷകർ ബയോഡേറ്റ, സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സഹിതം ഈ മാസം 24ന് മുമ്പ് ജില്ലാ കളക്ടർക്ക് അപേക്ഷ നൽകണം. ജില്ലാ കളക്ടർമാരിൽ നിന്ന് ലഭ്യമാകുന്ന അപേക്ഷകളിൽ നിന്ന് സർക്കാർ നിയമിക്കുന്ന സെലക്ഷൻ കമ്മിറ്റി നടത്തുന്ന അഭിമുഖത്തിന്റെ അടിസ്ഥാനത്തിലായിരിക്കും നിയമനം നടത്തുന്നത്. അഭിമുഖത്തിൽ പങ്കെടുക്കുന്നതിന് അപേക്ഷകർക്ക് യാത്രാബത്തയോ മറ്റ് ചെലവുകളോ അനുവദിക്കില്ല. (പിഎൻപി 3735/18)

## ഫോട്ടോ അടിക്കുറിപ്പ്

1) മണ്ണടിതാഴത്തെ ഗ്രാമീണ ചന്തയുടെ പുനരാരംഭം ചിറ്റയംഗോപകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| നവംബർ 15<br>November 15 | 2018 |
|---|---|

*1193 തുലാം 29 വ്യാഴം*

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**എഴുപതുവയസുകാരിക്ക് കൂടൊരുക്കി കുടുംബശ്രീ**

ഒരാൾ അമ്പത് രൂപ വീതം മുടക്കിയപ്പോൾ നാണിക്ക് കിട്ടിയത് അഞ്ച് ലക്ഷത്തിന്റെ കിടപ്പാടം. പന്തളം നഗരസഭ കുടുംബശ്രീ സിഡിഎസിന്റെ നേതൃത്വത്തിൽ ഒരു കൂട്ടം സുമനസുകളുടെ കാരുണ്യത്താലാണ് പൂഴിക്കാട് തെക്കേചരുവിൽ എഴുപത് വയസുകാരിയായ നാണിക്ക് കൂടാരമൊരുക്കിയത്. രോഗിയായ മകളെയും മരിച്ചു പോയ മകന്റെ ഭാര്യയെയും സംരക്ഷിക്കുന്ന നാണിക്ക് കയറിക്കിടക്കാൻ ഒരു കൂര പോലും ഉണ്ടായിരുന്നില്ല. നാണിയുടെ ദുരവസ്ഥ ശ്രദ്ധയിൽപ്പെട്ട കുടുംബശ്രീ സിഡിഎസ് ചെയർപേഴ്സൺ ശ്രീദേവിക്ക് തോന്നിയ ഉപായമാണ് നാണിക്ക് വീടൊരുക്കാൻ സഹായകരമായത്. നഗരസഭയിലെ 350 കുടുംബശ്രീ യൂണിറ്റിലെ 6000 അംഗങ്ങൾ 50 രൂപ വീതം പിരിവിട്ടപ്പോൾ മൂന്ന് ലക്ഷം രൂപ ലഭിച്ചു. പണി ആരംഭിച്ച് ചെലവേറിയപ്പോൾ കുടുംബശ്രീയുടെ ലാഭത്തിൽ നടക്കുന്ന ചില യൂണിറ്റുകൾ, വ്യക്തികൾ എന്നിവർ അധികസഹായവുമായി എത്തി. സിമന്റും കതകും ജനാലയുമൊക്കെ വാങ്ങിനൽകി. സഹായമായി നഗരസഭ കൗൺസിലർ കെ. സീനയും ഇവർക്കൊപ്പം ചേർന്നു. നാണിയുടെ മകന്റെ രണ്ട് കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള ചുമതലയും കുടുംബശ്രീ ഏറ്റെടുത്തു. പെൺകൂട്ടായ്മ നാണിക്ക് വേണ്ടി പണിത വീടിന്റെ താക്കോൽ അടൂർ എംഎൽഎ ചിറ്റയം ഗോപകുമാർ കൈമാറി. പന്തളം നഗരസഭ ചെയർപേഴ്സൺ ടി.കെ സതി മുഖ്യാതിഥിയായി. കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ വി.എസ് സീമ മുഖ്യപ്രഭാഷണം നടത്തി. നഗരസഭ വൈസ് ചെയർമാൻ ഡി. രവീന്ദ്രൻ, വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ

ആനി ജോൺ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് ചെയർമാൻ എ. രാമൻ തുടങ്ങിയവർ പങ്കെടുത്തു.
(പിഎൻപി 3736/18)

## ടെൻഡർ

ജില്ലാ പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന മിഷൻ നന്ദിനി പദ്ധതിയുടെ ഭാഗമായി മരുന്നുകൾ വിതരണം ചെയ്യുന്നതിന് അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് ടെൻഡർ ക്ഷണിച്ചു. ഫോൺ: 0468 2322768. (പിഎൻപി 3737/18)

## ശബരിമല: തീർഥാടന പാതയിൽ കന്നുകാലികളെ മേയ്ക്കുന്നത് നിരോധിച്ചു

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട പെരുനാട് മഠത്തുംമൂഴി ജംഗ്ഷൻ മുതൽ അട്ടത്തോട് വരെയുള്ള തീർഥാടന പാതയിൽ കന്നുകാലികളെയും അടുമാടുകളെയും അലക്ഷ്യമായി മേയ്ക്കാൻ വിടുന്നത് നിരോധിച്ചു. നിരോധനം ലംഘിക്കുന്ന കന്നുകാലിഉടമസ്ഥരിൽ നിന്നും പിഴ ഈടാക്കുമെന്ന് സെക്രട്ടറി അറിയിച്ചു. (പിഎൻപി 3738/18)

## വിദ്യാഭ്യാസ ധനസഹായം

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായി ഒരു വർഷം പൂർത്തിയായതും കുടിശികയില്ലാതെ അടച്ചുവരുന്നതുമായ അംഗങ്ങളുടെ മക്കൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാം. 90 ശതമാനത്തിൽ കൂടുതൽ മാർക്കോടെ പ്ലസ്ടു, വിഎച്ച്എസ്ഇ പരീക്ഷകളും ഡിഗ്രി, പി.ജി, ഐടിഐ, ജനറൽ നഴ്സിംഗ്, പ്രൊഫഷണൽ ഡിഗ്രി, എംബിബിഎസ് (മെഡിക്കൽ) പി.ജി എന്നീ കോഴ്സുകളിൽ അവസാന വർഷത്തിൽ 80 ശതമാനം മാർക്കോടെയും 2017-18ൽ സർക്കാർ/എയ്ഡഡ് സ്ഥാപനത്തിൽ പഠിച്ചതും കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ പരീക്ഷയെഴുതി ആദ്യ അവസരത്തിൽ പാസായ വിദ്യാർഥികളുമായിരിക്കണം. അപേക്ഷാഫോറവും കൂടുതൽ വിവരവും ഡിവിഷണൽ ഓഫീസിൽ ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 30. ഫോൺ: 0468 2327415. (പിഎൻപി 3739/18)

### പ്രത്യേക പത്രക്കുറിപ്പ്

## ഇന്ന് (16) രാത്രി തുറന്ന് പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ ഇന്ന് (16) രാത്രി തുറന്ന് പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: ട്രാവൻകൂർ മെഡിക്കൽസ്, ഗവൺമെന്റ് ആശുപത്രിക്ക് സമീപം പത്തനംതിട്ട, ദേവി മെഡിക്കൽസ് കോന്നി, പഴഞ്ഞിയിൽ മെഡിക്കൽസ് കോഴഞ്ചേരി, സാംകോ ഡ്രഗ് ഹൗസ് അടൂർ, ആറ്റിലേത്ത് മെഡിക്കൽസ് കുളനട, അഞ്ജലി മെഡിക്കൽസ് മതിൽ ഭാഗം തിരുവല്ല, സെന്റ് തോമസ് ഡ്രഗ് ഹൗസ് ഇട്ടിയപ്പാറ റാന്നി, പ്രതിഭ മെഡിക്കൽസ് പെരുനാട്. (പ്രത്യേക പത്രക്കുറിപ്പ് 01/18)

## ഫോട്ടോ അടിക്കുറിപ്പ്

1) പെൺകൂട്ടായ്മ നാണിക്ക് വേണ്ടി നിർമിച്ച വീടിന്റെ താക്കോൽ അടൂർ എംഎൽഎ ചിറ്റയം ഗോപകുമാർ കൈമാറുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**